little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

## ലിറ്റിൽകൈറ്റ്സ്
കുട്ടികളുടെ പതിപ്പ്

# കുട്ടി.COM

## 2018-2019

## ഗവ.എച്ച്.എസ്.എസ്
## പോരുവഴി

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളും ഹൈടെക് ആക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു .അറിവ് മറ്റൊരാളിൽനിന്നു പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കുന്ന തലത്തിലേക്കുള്ള മാറ്റം വിദ്യാഭ്യാസരംഗത്തു അദ്ഭുതപൂർവമായ വളർച്ചയിലേക്കാണ് നയിക്കുന്നത് .

ഇതിന്റെ ഭാഗമായി സാങ്കേതികവിദ്യയോടുള്ള പുതിയ തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുന്നതിനായ് "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടികളുടെ IT കൂട്ടായ്മ നടപ്പിലാക്കിയിരിക്കുന്നത് .

ലിറ്റൽ കൈറ്റ്സിൽ അംഗമായ കുട്ടികൾക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത് . സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുത്തുന്നതിനും തനിക്കു യോചിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനും ക്ലബ് സഹായകമാകുന്നു . നമ്മുടെ സ്കൂളിലെ ലിറ്റൽ കൈറ്റ്സ് കൂട്ടുകാരുടെ വിവരവിനിമയ സാങ്കേതികവിദ്യയിലുള്ള കഴിവുകൾ പ്രയോജനപ്പെടുത്താൻ e-പതിപ്പായ '**കുട്ടി . com** 'ന് കഴിയട്ടെ എന്ന് ആശംസിക്കുന്നു

ഉള്ളടക്കം...


- 2. ആമുഖം
- 4.സമർപ്പണം
- 5-7. സന്ദേശം
- 9.മികവിന്റെ പാതയിൽ
- 12.ശുദ്ധജലവും സംരക്ഷണവും
- 14.Brain Teasers
- 15. e-മാലിന്യം പുതിയ വെല്ലുവിളി
- 17-23 കുട്ടികളുടെ കലാസൃഷ്ടികൾ
- 24.സുവർണ നിമിഷങ്ങൾ
- 25-38 കലാസൃഷ്ടികൾ
- 39.പിൻകുറിപ്പ്


സമർപ്പണം
പോരാട്ടത്തിൽ വീണുപോയവരെ മറക്കരുത്
അവർക്കും നമ്മെപ്പോലെ ഒരു ഹൃദയം
ഉണ്ടായിരുന്നു
മുഖവും സ്വപ്നങ്ങളും ഉണ്ടായിരുന്നു
ജീവിതം ഉണ്ടായിരുന്നു
അവരുടെ മരണം
നമുക്ക് വേണ്ടി മാത്രമായിരുന്നു
SALUTING REAL HEROES OF
INDIA



# സന്ദേശം

പോരുവഴി ഗവ ഹയർ സെക്കന്റെറി സ്കൂളിൽ LITTLE KITES ക്ലബ്ബിലെ കൊച്ചുക്രൂട്ടുകാരുടെ സൃഷ്ടിയായ കുട്ടി.COM പ്രസിദ്ധികരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇത് എല്ലാവർക്കും ഗുണകരമാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന് പ്രിൻസിപ്പാൾ

GOPALAKRISHNAN. R.
PRINCIPAL
Govt. H.S.S., Poruvazhy (02113)
Sooranad P.O., Kollam, Pin:690522




# സന്ദേശം ....

2018–19 വർഷത്തെ ലിറ്റിൽ കൈറ്റ്സ് കുട്ടുകാരുടെ e–പതിപ്പായ കുട്ടി.com പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. IT മേഖലയിലുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിനും പ്രാവീണ്യം നേടുന്നതിനും സഹായകമാകുന്ന പ്രവർത്തനങ്ങൾക്ക് 'ലിറ്റിൽ കൈറ്റ്സിനും' ,'കുട്ടി.com'നും കഴിയട്ടെയെന്ന് ആശംസിക്കുകയും പതിപ്പിന് എല്ലാ വിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു

-ഹെഡ്മിസ്ട്രസ്


(IN CHARGE)





# സന്ദേശം

*സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി  ക്ളബ്ബിന്റെ നേതൃത്വത്തിൽ ഇ-മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം.വിവര വിനിമയ സാങ്കേതിക വിദ്യയിലൂന്നിയ പഠന പ്രവർത്തനങ്ങൾക്ക് ഈ പ്രവർത്തനം ക്കൂടുതൽ പ്രചോദനമുണ്ടാക്കുവാൻ കഴിയുമെന്ന് കരുതുന്നു. കുട്ടികളുടെ സർഗ്ഗശേഷികൾ വളർത്തുവാനും സാങ്കേതിക വിദ്യയുടെ സൂഷ്മമായ പ്രയോഗം സാധ്യമാക്കുവാനും ഇത്തരം പ്രവർത്തനങ്ങൾ വഴി കഴിയും. ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും എല്ലാവിധആശംസകളുംഅർപ്പിക്കുന്നു.*



സിബിചാക്കോ
പി.ടി.എ. പ്രസിഡന്റ്

# our Headmaster



Nizar A

School Leader



Shebin John

Chairman



Ameera B

# മികവിന്റെ പാതയിൽ

- 24 ഫുൾ എ പ്ലസുമായി എസ് . എസ് . എൽ . സി ക്ക് 98% വിജയം.
- ഹയർസെക്കന്ററി വിജയത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനം
- എൽ.എസ്.എസ്, യു.എസ്.എസ് മികച്ച വിജയം - 4 കുട്ടികൾ പ്രതിഭാധനർ



- മൂന്നൂറ്റി അമ്പതോളം കുട്ടികൾ പുതുതായി പ്രവേശനം നേടിയ സർക്കാർ വിദ്യാലയം (പുതിയ 5 ഡിവിഷനുകൾ )
- സംസ്ഥാന തല കലോത്സവത്തിൽ A grade നേടിയ അഞ്ച് വിദ്യാർഥികൾ



- എസ്.പി.സി , ഗൈഡ്സ് , ലിറ്റിൽ കൈറ്റ്സ് , സ്കൗട്ട് , എൻ.എസ്.എസ് , ജെ.ആർ. സി തുടങ്ങിയവയുടെ മികച്ച പ്രവർത്തനം , ചെസ്സ് , കരാട്ടെ , സംസ്ഥാന കലാമേള എന്നിവയിലെ അംഗീകാരങ്ങൾ .



- ജൈവ പച്ചക്കറി കൃഷി .











ഗവ.ഹയർസെക്കന്ററി സ്കൂൾ പോരുവഴി
SSLC 2018
ചരിത്രവിജയം
24 Full A+
അതുൽരാജ്
നിഷാന
ജഗൻ
രേവതി
നൗഫിയ
സൂര്യ സുരേഷ്
അപർണ
ഇർഷാന
ശ്രീനാഥ്
സുമിൻ
വിബിൻ
ജുബിന കരീം
ഹരിമാധവ്
അഫ്സൽ അഹമ്മദ്
അനൂജ
അൽഫിയ
ഫിദ
നൂർജഹാൻ
ശരണ്യ
ഫാത്തിമ സത്താർ
അസ്‌ലം
ആലിയ അഷറഫ്



# ശുദ്ധജലവും ജലസംരക്ഷണവും

ഭൂമിയിലെ ആദ്യത്തെ മൂലവിഭവമാണ് ജലം .ഭൂമിയിലെ ജലം നിലനിർത്തുന്ന ഏറ്റവും അനിവാര്യമായ ഒരു ഘടകം ജലംതന്നെയാണ്. ജലം സദാ പ്രവാഹിയാണ്.അത് മണ്ണിലൂടെയും അന്തരീക്ഷത്തിലൂടെയും ജീവജാലങ്ങളുടെ ശരീരത്തിലൂടെയും മറ്റ് സംവിധാനങ്ങളിലൂടെയും ഒഴുകി കൊണ്ടിരിക്കുന്നു. ഭൂമിയിലെ ഏത് ആവശ്യത്തിനും ജലം വേണം.

പ്രകൃതിയുടെ വരദാനമായ നദികളിലെ നീരൊഴുക്കും ഭൂഗർഭജലവുമാണ് നമ്മുടെ പ്രധാന സ്രോതസുകൾ . 44 നദികളും ശരാശരി 3000 മില്ലീമീറ്റർ മഴയും ലഭിക്കുന്ന പ്രദേശമാണ് കേരളം. ജീവന്റെ നിലനിൽപ്പിന് ആധാരമെന്ന്കരുതുന്ന അമൃതധാരയായ ജലം തന്നെ ഇന്ന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ് . തെളിഞ്ഞതും നിറമോ മണമോ ഇല്ലാത്തതും രോഗാണുക്കൾ ഇല്ലാത്തതും ആവശ്യത്തിന് ധാതുലവണങ്ങളുള്ളതും അപകടകാരികളായ രാസവസ്തുക്കളില്ലാത്തതുമായ ജലത്തെ ശുദ്ധജലം എന്ന് പറയുന്നു . കേരളത്തിൽ നല്ലൊരു ഭാഗം ജലസ്രോതസ്സുകളിലും വിസർജ്ജ്യവസ്തുക്കളുടെ സാന്നിധ്യം സൂചിപ്പിക്കുന്ന ഈ-കോളി ബാക്ടീരിയകളാൽ മലിനമാണ്.

കുടിവെള്ളത്തിലെ അപകടകാരികൾ താഴെപറയും പ്രകാരമാണ്.

1. ബാക്ടീരിയ, വൈറസ്, പ്രോട്ടോസോവ പോലുള്ള ജലഘടകങ്ങളുടെ സാന്നിദ്ധ്യം അളവിൽ കൂടുതൽ.
2. കാൽസ്യം,കാർബണേറ്റ്,മഗ്നീഷ്യം,ഇരുമ്പ്, ക്ലോറൈഡ്,ഫ്ലൂറൈഡ്,സൾഫേറ്റ്,നൈട്രേറ്റ്, മുതലായ

രാസഘടകങ്ങൾ,കീടനാശിനികൾ, പെയിന്റ്,ഡിറ്റർജന്റ് തുടങ്ങിയവയിലുള്ള അപകടകാരികളായ രാസവസ്തുക്കൾ
3. കാഡ്മിയം,ലെഡ്,ക്രോമിയം,ആർസനിക്ക്, മെർക്കുറി മുതലായ ലോഹങ്ങൾ

ജലമലിനീകരണം പ്രധാനമായും സംഭവിക്കുന്നത് താഴെപറയും പ്രകാരമാണ്

- ദ്രവണയ വൽക്കരണം
- അശാസ്ത്രീയ മാലിന്യ സംസ്കരണം
- കൃഷി ഇടങ്ങളിൽനിന്ന് എത്തുന്ന വളവും കീടനാശിനികളും അടക്കമുള്ള മാലിന്യങ്ങൾ


ജലത്തിന്റെ നിയന്ത്രണമില്ലാത്ത ഉപയോഗം

മലിനമായ വെള്ളം കുടിക്കുന്നത് കോളറ,മഞ്ഞപ്പിത്തം, വയറിളക്കം ടൈഫോയ്ഡ് തുടങ്ങിയ അസുഖങ്ങൾക്ക് കാരണമാകും. കുടിവെള്ളത്തിൽ അളവിൽ കൂടുതലും ഫ്ളൂറൈഡ് ഉണ്ടെങ്കിൽ ദന്തൽ ഫ്ളൂറൈഡിന് ദന്തക്ഷയവുണ്ടാകും. അസ്ഥിയുടെ ബലം കുറയും. അമ്ലത കൂടിയ വെള്ളം പതിവായി ഉപയോഗിച്ചാൽ ഉദരപ്രശ്നങ്ങൾക്കു കാരണമാകും . ആർസനിക്കിന്റെ സാന്നിദ്ധ്യം ജീവഹാനിവരെ ഉണ്ടാക്കും
ജലം സംരക്ഷിക്കപ്പെടണം...ശുദ്ധമായി തന്നെ പ്രകൃതിയിൽ നിന്നും കിട്ടണം. മാലിന്യങ്ങൾ ജല സ്രോതസ്സുകളിൽ വലിച്ചെറിയുന്നത് ഒഴിവാക്കണം. ജലവും മണ്ണും സംരക്ഷിച്ചാൽ മാത്രമേ ജീവന്റെ നിലനിൽപ്പ് സാധ്യമാകൂ.

**അനിത.ടി.കെ**
**ടീച്ചർ**

# Brain Teasers

1.The room which we cannot enter ?
Ans:Mushroom
2.Which year has no month ?
Ans:Light year
3.What has no leg but can run ?
Ans:River
4.Which ice is afraid of cats ?
Ans:Mice
5.A jam,that no one likes ?
Ans:Traffic jam
6.A little white house without door and windows ?
Ans:Egg
7.A tractor which works without fuel ?
Ans:Protractor
8.What is the middle of Paris ?
Ans:'r'
9.Which nation has I in between and has a comb ?
Ans:Combination
10.You catch but cannot throw. What am I ?
Ans:Cold
11.I am at the end of the rainbow. What am I ?
Ans:'w'
12.Which bus first went to America ?
Ans:Columbus



Muhammmed Fayas
9 C

# e-മാലിന്യം
# പുതിയ വെല്ലുവിളി




പതിനെട്ടാം നൂറ്റാണ്ടിലെ വ്യാവസായിക വിപ്ലവവും പിന്നീടുണ്ടായ വിവരസാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടവും മനുഷ്യ ജീവിതത്തിൽ അത്യപൂർവമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു . ആരും ആർക്കുംവേണ്ടിയും കാത്തുനിൽക്കാതെ എന്തിനേയും ഏതിനേയും ചൂഷണദൃഷ്ടിയിൽ മാത്രം കാണുന്ന ഈ ലോകത്ത് കനിവുകൾ കൈമോശം വരികയും മലകൾ നിരപ്പാക്കുകയും പുഴകൾ വരളുകയും ശുദ്ധജലത്തിനും ശുദ്ധവായുവിനും വേണ്ടി നെട്ടോട്ടം ഓടേണ്ട അവസ്ഥ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യന്റെ അത്യാർത്തിമൂലം സൃഷ്ടിക്കപ്പെടുന്ന വിപത്തുകൾ കണ്ടില്ലെന്നു നടിക്കാൻ കഴിയില്ല.

ഓരോ പുതിയ കണ്ടുപിടുത്തത്തിനൊപ്പം അറിഞ്ഞോ അറിയാതെയോ പിറവി കൊള്ളുന്ന അപകടങ്ങളുടെ പുതിയ രൂപമാണ് ഇ- മാലിന്യം . ദുർഗന്ധം ഉയരാത്തതുകൊണ്ടും ദോഷഫലങ്ങളെക്കുറിച്ചും തിരിച്ചറിവും ഇല്ലാത്തതുകൊണ്ടും പരിസ്ഥിതി പ്രസ്ഥാനങ്ങൾ പോലും ശരിയായ വിശകലനത്തിന് വിധേയമാക്കാത്ത പദമാണ് ഇ- മാലിന്യം.

വൈദ്യുതോർജ്ജത്താൽ പ്രവർത്തിക്കുകയും ഉപയോഗത്തിന് ശേഷം ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന ഇലക്ട്രോണിക് വസ്തുക്കളാണ് ഇ-മാലിന്യങ്ങൾ .സി.എഫ് ലാമ്പ്, മ്യൂസിക്പ്ലയർ , സി.ഡി, കംമ്പ്യൂട്ടർ, പ്രിന്റിഡ് സർക്യൂട്ട് ബോർഡ് ,ഇങ്ക്

കാട്രിഡ്ജ് ,മോണിറ്റർ,റെഫ്രിജറേറ്റർ,ടെലിവിഷൻ,എ.സി ,
മൈക്രോവേവ് ഓവൻ ,വാഷിംഗ് മെഷീൻ ,മൊബൈൽ ഫോൺ
എന്നിങ്ങനെ പോകുന്നു ഇ-മാലിന്യങ്ങൾ. ഇവയിൽ അടങ്ങിയിരിക്കുന്ന
മെർക്കുറി കാഡ്മിയം ലെഡ് ക്രോമിയം തുടങ്ങിയ രാസമാലിന്യങ്ങൾ
നശിക്കാതെ മണ്ണിൽ കിടക്കുന്നത് മനുഷ്യനും പ്രകൃതിക്കും ആപത്താണ്.
ഇ-മാലിന്യങ്ങൾ കത്തിക്കുമ്പോൾ ജൈവമാലിന്യങ്ങൾ കത്തിക്കുമ്പോൾ
ഉണ്ടാകുന്നതിനേക്കാൾ നാലോ അഞ്ചോ മടങ്ങിലേറെ
വിഷവാതകങ്ങളാണ് പുറന്തള്ളുന്നത്.

ആഗോളതലത്തിൽ നോക്കുമ്പോൾ വർഷാവർഷം 50 മില്യൺ ടൺ ഇ
-മാലിന്യങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.ഇതിൽ 80 %വും
വികസിത രാജ്യങ്ങളുടെ സംഭാവനയാണ്.UNEP യുടെ റീ-സൈക്ലിങ് ഫ്രം
ഇ-വെസ്റ്റ്സ് ടു റിസോഴ്സ്സ് എന്ന പഠനപ്രകാരം വരും നൂറ്റാണ്ടിലെ ഇ-
മാലിന്യത്തിന്റെ അളവ് ഇന്നത്തോതിൽ 500 മടങ്ങായിരിക്കും
മനുഷ്യവംശത്തിന് ഒഴിച്ചു നിർത്താനാവാത്ത വിധം
ഇലക്ട്രിക്ക്-ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ജീവിതത്തിൽ ഭാഗമായി
മാറിയിരിക്കുന്നു.ഇതിന്റെ ഗുണഭോക്താക്കളായ നമ്മൾ ചിന്തിക്കുകയും
നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തില്ലെങ്കിൽ ഈ മണ്ണും ജലവും
വായുവും മലിനപ്പെടുകയും ഒരിറ്റ് ജീവശ്വാസത്തിനു വേണ്ടി പിടയുന്ന ഒരു
തലമുറ പിറവിയെടുക്കുകയും ചെയ്യും. അവർ ഇന്ന് നമ്മൾ
ആഘോഷിക്കുന്ന കണ്ടുപിടുത്തങ്ങളൊക്കയും അറപ്പോടെയും
വെറുപ്പോടെയും എടുത്തെറിയുന്ന കാഴ്ച വിദൂരമല്ല. അവസാനമായി
നമ്മുക്കോർക്കാം. ഈ ലോകം നമുക്ക് മുൻഗാമികളിൽ നിന്ന്
പൈതൃകമായി കിട്ടിയ സ്വത്തല്ല. വരും തലമുറ കടമായി തന്നതാണ്.
അതവർക്ക് തിരിച്ചുകൊടുക്കേണ്ടതാണ്

**<u>ഷെമീറ.എം</u>**

**ടീച്ചർ**

# DRUG ABUSE




Drug and alcohol abuse are major problems that affect school-age youth at earlier ages. Drug abuse is a disorder that is characterised by a destructive pattern of using substance that leads to significant problems or distress.
Young people frequently begin to experiment with alcohol,tobacco and drugs during middle school years,with a smaller number starting during elementary school. By the time students are in high school,rates of drugs become remarkably high. If the drug is suddenly stopped,the addict suffers from painful and uncontrollable conditions. Drug abuse causes multiple problems for countries and communities. Addicts cannot function as normal members of the society. They neglect or abuse their families and eventually require expensive treatment or hospitalisation. Men are more at risk for developing a dependency at drugs. Drugs use can result in various diseases. Repeated drug use results in lack of meeting important obligation at work,school or home .In conclusion,although people are highly to drugs,menace of drugs can be fought. Education is
the first battle. Children need to be told at home and school about drugs. A second point is to increase police manpower and create effective laws to stop the dealers. All should work as a group and protect our society from drugs.

**Muhammed Fayas**

**9C**

# *General Knowledge*

➔ *pahari is used in which state?*
***Himachal Pradesh***

➔ *pambhas grass land in which countinent?*
***South America***

➔ *who is the father of* ***black box?***
***Devid varhan***

➔ *who invent* ***transformer?***
***Villiam stanly***

➔ *which flower is known as chinies rose?*
***Hibiscus***

➔ *which country is known as* ***country of*** *thousand islands?*
***Indoneshia***

➔ *which Indian state is known as denmark in India?*
***Hariyana***

➔ *which is the biggest American state?*
***Alaska***

➔ *who got 2018 th vayalar award?*
***K.V.Mohan Kumar***

***RIYAS.H***
***9D***



# അണയാത്ത വെളിച്ചം അമ്മ .....!

അന്ന് ഒരു ഞായറാഴ്ച ദിവസമായിരുന്നു അതിനാൽ സുരേഷ് തന്റെ സഹപ്രവർത്തകരുമായി കറങ്ങാനിറങ്ങി . അവർ പോയത് ഒരു കൊടും വനത്തിലേക്കായിരുന്നു . അവിടെ എത്തിയ അവർ വണ്ടി നിർത്തിയിട്ട് ആ കൊടും വനത്തിനകത്തുകൂടി നടക്കാൻ ആരംഭിച്ചു . ഒരുപാട് നടന്ന അവർക്ക് വഴിതെറ്റി കാടിന് പുറത്തിറങ്ങാൻ അറിയാതെയായി . അവർ ഒരു മരത്തിന്റെ മുകളിൽ കയറി ഇരുന്നു .ക്രൂര മൃഗങ്ങളുടെ അതി ഭയാനകമായ ഘോര ശബ്ദങ്ങൾ മുഴങ്ങി കേൾക്കാൻ തുടങ്ങി . അവർ അവിടെ ഭയപ്പെട്ടു നിന്നു . പക്ഷേ സുരേഷിന് ആ കാട് എങ്ങിനയോ പരിചിതമുള്ളതായി തോന്നി . അവന് പക്ഷേ എങ്ങിനെയെന്ന് ഓർമ്മവന്നില്ല.അവൻ ആഴത്തിൽ ഓർക്കാൻ ശ്രമിച്ചു അവിടെ ഇരുന്ന് അവർ ഉറങ്ങിപ്പോയി അവന്റെ സ്വപ്നത്തിലേക്ക് ഒരു സ്ത്രീ തെളിഞ്ഞുവന്നു അവർ ഒരു ചെറുക്കനെ കളിപ്പിക്കുന്നുണ്ടായിരുന്നു . അവൻ ആ സ്ത്രീ ആരാണെന്ന് ചിന്തിച്ചു അപ്പോൾ അവന് തന്റെ വീട് നിന്നിരുന്ന സ്ഥലത്തെ അവരുടെ പഴയ ഓട്ടുപുര ഓർമവന്നു . അവിടുത്തെ ഭിത്തിയിലെ മാറാല കെട്ടിയ ഫോട്ടോകളും ...... ആ ഫോട്ടോകളുടെ ഇടത്ത് താനെന്ന് തോന്നിക്കുന്ന ഒരാളെയും അവൻ കണ്ടു .അപ്പോൾ ആ ചെറുക്കൻ അവനാണെന്നു അവന് ഓർമപ്പെട്ടു .ആ സ്ത്രീ തന്റെ അമ്മ ആയിരിക്കും ആ .......ആരറിയാനാ...... ആ തള്ള എപ്പോചത്തുകാണും . അവൻ ഉറക്കത്തിൽ മിണ്ടുന്നത് പതിവില്ലാതെ കണ്ട കൂട്ടുകാർ അവനെ ഇനി മിണ്ടരുത് എന്ന് വിലക്കി .അവൻ വീണ്ടും ഉറങ്ങി .ആ ഉറക്കത്തിൽ ഒരു ഘോര സ്വപ്നം അവൻ കണ്ടു.തന്റെ അമ്മ തന്നെ ആക്രി പെറുക്കി വിറ്റ് വലിയ ഒരാളാക്കി. അവന് ഒരു ജീവിതസഖിയെ അമ്മ കൈപിടിച്ചു കൊടുത്തു. അവൾ വളരെ അഹങ്കാരിയായിരുന്നു. അവന് അവളെ നിലക്കുനിർത്താൻ സാധിച്ചില്ല. ഭാര്യയുടെ ബന്ധത്തിൽ

വഴങ്ങിയ താൻ അമ്മയെ കൊടും കാട്ടിൽ ഉപേഷിക്കുന്ന ഇരുട്ട് മൂടിയ രംഗം അവന് ഓർമവന്നു. അവന്റെ ഭാര്യക്ക് സമാധാനമായി.ഒരു യുദ്ധം ജയിച്ച് രാജ്യം പിടിച്ചെടുക്കുന്ന സന്തോഷമായിരുന്നു അവൾക്ക്. അമ്മപോയെങ്കിലും ജീവിതത്തിൽ സമാധാനം കിട്ടിയില്ലേ എന്നോർത്തു അയാളും സമാധാനിച്ചു. അങ്ങനെയാണ് അവൻ തന്റെ അമ്മയെ മറന്നത്. അവന് താൻ നിൽക്കുന്ന കാട് അന്ന് അമ്മ ഉപേക്ഷിക്കപ്പെട്ട കാടാണ് എന്നും ഓർമ്മ വന്നു. ഈ കാട്ടിൽ എവിടെയെങ്കിലും തന്റെ അമ്മയുണ്ടാകും എന്ന പ്രതീക്ഷയിൽ അവൻ മരത്തിൽ നിന്ന് താഴെയിറങ്ങി. അവന് ആരോ അദൃശ്യമായ ധൈര്യം പകർന്നു കൊടുക്കുന്നു എന്ന് തോന്നി. അവൻ എങ്ങോട്ടെന്നില്ലാതെ കുറെ അലഞ്ഞുനടന്നു. കുറെ പോയപ്പോൾ ഒരു വെളിച്ചം കണ്ടു. അവിടേക്കു അവൻ ചെന്നു അപ്പോഴേക്കും സൂര്യൻ ഉദിക്കാറായിരുന്നു. അവൻ അവിടെ ഒരു കുടിൽ കണ്ടു. അവൻ അതിന്റെ അടുത്തു ചെന്നു അവിടെ ഒരു വൃദ്ധ മെല്ലെ വാതിൽ തുറന്നു കൊണ്ട് ചോദിച്ചു ആരാ ഈ കൊച്ചു വെളുപ്പാങ്കാലത്ത്. അവൻ ഒന്നും മിണ്ടിയില്ല. ആരാ? എന്താ ഈ നേരത്ത്? ആ വൃദ്ധ വീണ്ടും ചോദിച്ചു. അവൻ പറഞ്ഞു ഞാൻ എന്റെ അമ്മയെ അന്വേഷിച്ചു വന്നതാണ്. ഞ്....ഞ്....ഞാ..ൻ വർഷങ്ങൾക്ക് മുമ്പ് ഉപേക്ഷിച്ചുപോയ എന്റെ അമ്മയെ....അവൻ വിങ്ങിപ്പൊട്ടി അത്രെയും പറഞ്ഞൊപ്പിച്ചു. അവൻ പറഞ്ഞുതീർന്നതും ആ തൊലി ചുക്കി ചുളഞ്ഞ ആ വൃദ്ധ മാതാവ് അവന്റെ കണ്ണുകളിലേക്ക് ഒന്ന് നോക്കി. ആ നോട്ടം അവനെ ആകപ്പാടെ ഒന്ന് കുളിരുകോരിപ്പിക്കുന്നതായിരുന്നു. മോനെ ഞാനാടാ ആ അമ്മ. സന്തോഷത്താൽ ഇരുവരുടെയും കണ്ണുകൾ നിറഞ്ഞു തുളുമ്പി. ദൈവം എന്റെ പ്രാർത്ഥന കേട്ടല്ലോ. എനിക്കെന്റെ മകനെ തിരികെ നൽകിയ ദൈവമേ അങ്ങക്ക് സ്തുതി. ആ മകൻ അമ്മയെ വാരിയെടുത്തു. എന്നിട്ടു മുടിയിഴകളിൽ തലോടി ശേഷം നെറ്റിയിൽ ചുംബിച്ചു എന്നിട്ടു പറഞ്ഞു ഇനി ഇവിടെ നിൽക്കണ്ട നമ്മുക്ക് പോകാം അവൻ അമ്മയെ വിളിച്ചു എന്നിട്ടു അവർ നടക്കാൻ തുടങ്ങി അപ്പോഴേക്കും സൂര്യന്റെ ആദ്യകിരണങ്ങൾ ഭൂമിയിൽ പതിച്ചു. ഇപ്പോൾ വഴി ഏകദേശം കാണാം. ആ വൃദ്ധയേയും ചുമലിലേറ്റി കാടു കടക്കാം എന്ന പ്രതീക്ഷയിൽ സുരേഷങ്ങനെ നടന്നു.....വൃദ്ധ മാത്രമേയുള്ളു അവന് ധൈര്യത്തിന്...എന്തായാലും അവർ കാടുകടന്നു. കൂട്ടുകാർ രാവിലെ എഴുന്നേറ്റ് വഴിത്തിരിന്നു. അവർ സുരേഷ് കൂട്ടത്തിൽ ഉണ്ടോ എന്ന് ശ്രദ്ധിച്ചില്ല ആ വനത്തിൽ കണ്ട മനുഷ്യന്റേത് എന്ന് തോന്നിക്കുന്ന കാല്പാടുകളുടെ പിന്നാലെ അവരും നടന്നു. അവസാനം അവരും കാടുകടന്നു. അവർ അവർക്കു മുന്നേ എത്തിയ സുരേഷിനെ കണ്ട് അത്ഭുതപ്പെട്ടു.അവന്റെ ചുമലിലെ വൃദ്ധ ആരെന്ന കൂട്ടുകാരുടെ ചോദ്യത്തിന് പിന്നീട് പറയാം എന്ന മറുപടിയും കൊടുത്ത് അവർ വണ്ടിയിൽ കയറി വീട്ടിലേക്ക് തിരിച്ചു... അവരവരുടെ വീട്ടിലെത്തിയപ്പോൾ പറയാൻ പലതുമുണ്ടായിരുന്നു. പിന്നെ സുരേഷിന്റെ കാര്യം...അവൻ അവന്റെ ഭാര്യ അവനെ കയറ്റിയില്ല. അവന്റെ ഭാര്യയെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. ഭാര്യയെ നിലക്ക് നിർത്താൻ അവൻ പഠിക്കുകയും ചെയ്തു....പിന്നീട് അവർ സുഖമായി ജീവിച്ചു........

**FIDA FATHIMA**

**8D**

# അനന്തതയിലേക്ക് ഒരു യാത്ര....

പതിവില്ലാതെ സൂര്യൻ എന്തോ പരിഭ്രാന്തനായി നിൽക്കുന്നു. മാനം ആകെ ഇരുണ്ട് മൂടിക്കിടക്കുന്നു, നക്ഷത്രങ്ങളൊന്നും പതിവുപോലെ മിന്നിത്തിളങ്ങുന്നില്ല .പാഞ്ഞെത്തിയ വാൽനക്ഷത്രം ഇതൊക്കെ കണ്ട് എന്തോ കുഴപ്പമുണ്ടെന്ന് മനസ്സിലാക്കി . അവൻ അൽപ്പം മുകളിലേക്ക് പറന്നു , അപ്പോഴാണ് ആരോ തേങ്ങിക്കരയുന്ന ശബ്ദം അവൻ കേട്ടത്. അനന്തയുടെ പരിഭ്രാന്തത കണ്ട അവൻ ആകെ അസ്വസ്ഥനായി . അവൻ കുറച്ച് കൂടി മുകളിലേക്കെത്തി , രാഹുവിനോടും കേതുവിനോടും കാര്യം തിരക്കി , അപ്പോഴാണ് അവന് സൂര്യനമ്മാവന്റെ മുഖത്തെ മ്ലാനതയുടെ കാരണം മനസ്സിലായത്. കാര്യം കേട്ടതും അവൻ അധികമൊന്നു ചിന്തിക്കാതെ പ്ലൂട്ടോയുടെ അടുത്തേക്ക് ഒറ്റ കുതിപ്പ്. മുമ്പ് അവൻ കേട്ടത് പ്ലൂട്ടോയുടെ തേങ്ങലിന്റെ പ്രതിധ്വനികളാണ് . ഗ്രഹങ്ങളെല്ലാം പ്ലൂട്ടോയെ നോക്കി തിരിഞ്ഞുനിൽക്കുന്നു. നക്ഷത്രങ്ങളുടെ മിഴികളിൽ നിന്നും ദു:ഖത്തിന്റെ തുള്ളികൾ ഒഴുകുന്നു മിന്നിത്തിളങ്ങുന്ന മിഴികളുടെ ശോഭയാകെ അണഞ്ഞിരിക്കുന്നു. എല്ലാവരും പ്ലൂട്ടോയെ യാത്രയക്കയാൻ എത്തിയിരിക്കുകയാണ് , ഒൻപതിൽ ഒരുവനായി വിലസിയിരുന്ന പ്ലൂട്ടോ തന്റെ എട്ട് കൂട്ടുകാരെ വിട്ട് മറ്റ് നാല് കൂട്ട്കാരുടെയടുത്തേക്ക് പോവുകയാണ് . ഇനി പ്ലൂട്ടോ ഗ്രഹങ്ങളുടെ പട്ടികയിലില്ല . അഞ്ച് കുള്ളന്മാരിൽ ഒരുവനായി മാറിയിരിക്കുകയാണ് . ദു:ഖത്തിന്റെ പ്രതീകമെന്നപോൽ പ്ലൂട്ടോ തന്റെ എട്ട് കൂട്ടുകാർക്ക് യാത്ര പറഞ്ഞിറങ്ങുകയാണ് . ഒന്ന് കരയാൻപോലും വിസമ്മതനായി ദു:ഖം അടക്കിപ്പിടിക്കുകയാണവൻ . അവന്റെ കണ്ണുകളിൽനിന്നും തേങ്ങൽ ആഴ്ന്നിറങ്ങാൻ തുടങ്ങി. അവന്റെ ഏറെ പ്രിയപ്പെട്ട സുഹൃത്തായിരുന്നു നെപ്റ്റ്യൂൺ , നെപ്റ്റ്യൂണിന്റെ ഭ്രമണ പാതയിൽ കയറിയതിന്റെ പേരിലാണ് പ്ലൂട്ടോയെ ഒരു കുള്ളനായി തള്ളിയത്. നെപ്റ്റ്യൂണിനോട് യാത്ര ചോദിക്കണമെന്ന് അവന്റെ മനസ്സിലുണ്ട് പക്ഷെ എന്തുകൊണ്ടോ അവനതിന് കഴിയുന്നില്ല . ഏതാണ്ട് പറിച്ച് നട്ട ചെടിയുടെ അവസ്ഥയാണവനിപ്പോൾ, അവന് ഇവിടം വിട്ട് പോകാൻ തീരെ താൽപര്യമില്ല , പറഞ്ഞിട്ടെന്താ കാര്യം സിറസിന്റെ അടുത്തെത്തുമ്പോഴേക്കും അവന് മറ്റ് സന്തോഷങ്ങൾ കണ്ടെത്തേണ്ടതായിട്ടുണ്ട് . പറയാതെയാണെങ്കിലും എല്ലാവരോടും യാത്ര പറഞ്ഞ് പ്ലൂട്ടോ തന്റെ ഭ്രമണ പാതയിൽനിന്നും ഒരടി മുന്നോട്ടിറങ്ങി. പിന്നീട് ഒന്ന് തിരിഞ്ഞ് നോക്കാൻപോലും ആ പാവത്തിനുകഴിഞ്ഞില്ല . തന്റെ പ്രിയ സുഹൃത്തായ നെപ്റ്റ്യൂണിന്റെ മുഖം മനസിലിട്ടോണ്ടാണ് അവൻ പടിയിറങ്ങുന്നത്. നഷ്ടപ്പെടുത്താൻ കഴിയാത്ത സൗഹൃദത്തിന്റെ കണ്ണീർ തുള്ളികൾ ചങ്കിലൊതുക്കി തന്റെ പ്രിയ സുഹൃത്തായ പ്ലൂട്ടോയെ അവൻ നോക്കുമ്പോഴേക്കും തേങ്ങുന്ന മനസുമായി അവൻ ശൂന്യതയിൽ എങ്ങോ അവന്റെ സന്തോഷം കണ്ടെത്തികഴിഞ്ഞിരുന്നു..... അപ്പോഴും പ്ലൂട്ടോയുടെ തേങ്ങലിന്റെ സ്വരം നെപ്റ്റ്യൂണിന്റെ കാതിൽ പ്രതിധ്വനിച്ചുകൊണ്ടേയിരുന്നു.

മുഹമ്മദ് ആദിൽ
8 D

# നവ കേരളം



എന്റെ കേരളമെന്റെ
കേരള-
മെത്രയെത്ര മനോഹരം
ഇന്നു ഞങ്ങൾ നേരിട്ടു
ഭീതിയാം പ്രളയത്തിനെ....!

വീടുപോയി , നാടുപോയി
കേരളം ഒലിച്ചുപോയി
എവിടെയെന്നുടെ കേരളം
ആ പച്ചയാർന്നൊരു കേരളം

ജാതിയില്ല ,മതവുമില്ല
ഒറ്റയാണെല്ലാവരും
സഹായദാനം നൽകിട്ടു.........
ഈ കൊച്ചുകേരളത്തിന്

പ്രളയമെല്ലാം വന്നുപോയി
കേരളം ഒലിച്ചുപോയി
ഇനിനമുക്ക് വാർത്തെടുക്കാം
നവ..കേരളം വാർത്തെടുക്കാം

എന്റെ കേരളമെന്റെ കേരള-
മെത്രയെത്ര മനോഹരം
ഇന്നു ഞങ്ങൾ വാർത്തെടുത്തു
പച്ചയാർന്നൊരു കേരളം..........

ഷിജിന
8A

# പതനം

**എൻ മനമോ സ്വപ്നത്തിൻ പറുദീസ**
**എന്നപോൽ മുഴുകി കിടക്കുന്ന മറ്റൊരു ലോകത്തിൽ**

പിന്നെയും വേണമെന്നുള്ളൊരാ തോന്നൽ
മാടി വിളിക്കുന്നു നോക്കെത്താ ദൂരത്ത്

തുടക്കത്തിലൊരു തുള്ളി നാവിൽ പതിച്ചപ്പോൾ
അറിഞ്ഞില്ല ഞാൻ ആ നാശത്തിൻ സാഗരം

എന്നും കലഹത്താലുഴലുന്ന വീടിൻ
പഴയസ്ഥിതിയിൽ ഞാൻ എത്തിപ്പിടിക്കുന്നു

ആനന്ദശബ്ദങ്ങൾ എങ്ങും മുഴങ്ങുന്ന
മിന്നി തിളങ്ങും നീലനഭസ്സുപോൽ
ആനന്ദവേളയാൽ നിറയുന്ന ഓർമ്മകൾ
പാറി പറന്നെങ്ങോ മറഞ്ഞുപോയി...
വേണ്ടെന്നുള്ളയെൻ വാക്കുകൾ മാത്രം
വേണ്ടെന്നുള്ളൊരാ പ്രവൃത്തിയിലുപപരി
ഓരോ ഓർമ്മയും നഷ്ടപ്പെട്ടുമ്പോഴും
എന്തേ ഇതു മാത്രമെന്നിലവശേഷിക്കുന്നു
ഒരോ ഉയിരും കവർന്നെടുക്കുന്ന
ഓരോ സ്വപ്നവും തകർത്തെറിയുന്ന
മഹാമാരിയാം **മദ്യമേ** ഭൂവിൽ നീ
എന്തിനു വന്നു?

**ലിയ ബൈൻസ് 9 C**

# സുവർണ്ണ നിമിഷങ്ങൾ













# വേർപിരിയലിന്റെ നൊമ്പരം...

വെള്ളിയാഴ്ചകളിൽ ഉച്ച ഭക്ഷണ സമയത്ത് ആരാണ് അവനെ കാണാൻ വരുന്നത് എന്നത് ആദ്യം എനിക്ക് കൗതുകമായിരുന്നു. പക്ഷെ എല്ലാ ആഴ്ചയിലും അത് ആവർത്തിച്ചപ്പോൾ കൗതുകം ആകാംക്ഷക്ക് വഴിമാറി. ആ ദിവസങ്ങളിൽ അവനെ കാണാനെത്തുന്ന ആൾ അവന്റെ കണ്ണുകളെ ഈറനണിയിക്കുന്നത് ഞാൻ കണ്ടു . അവന്റെ കൈയ്യിലുള്ള മിഠായിപ്പൊതിയുടെ ഒരു പങ്ക് ചിലപ്പോഴൊക്കെ എനിക്കും കിട്ടിയിരുന്നു. അന്നൊന്നും അതാരാണെന്ന് ഞാൻ തിരക്കിയില്ല മിഠായിയുടെ മധുരം നുണഞ്ഞ് പുസ്തകത്താളിലേക്ക് തിരിച്ചു പോകുമായിരുന്നു എന്റെ മനസ്സ്. ഈ വെള്ളിയാഴ്ച തീർച്ചയായും അതാരാണെന്ന് കണ്ടുപിടിക്കണം.

ആ വെള്ളിയാഴ്ച വേഗം ഭക്ഷണം കഴിച്ച് അവന് പിറകെ ഒരു കള്ളനെ പോലെ പതുങ്ങി ഞാൻ. ആരായിരിക്കാം ആ മിഠായിപ്പൊതിയുമായി വരുന്ന സന്ദർശകൻ. എന്റെ കണ്ണുകൾ എന്റെ കുതിക്കുന്ന മനസ്സിനൊപ്പം ഓടി. അവിടെ ഒരു സ്ത്രീ. അവർ അവനെ ചേർത്തണച്ച് ഉമ്മ വെക്കുന്നത് ഞാൻ കണ്ടു. അവൻ അവരോട് ഒട്ടിനിൽക്കുന്നു.

അമ്പരന്ന മനസ്സുമായി അവനേക്കാൾ മുമ്പേ ഞാൻ ക്ലാസിലെത്തി സീറ്റിലേക്കിരുന്നു. വാതിലിൽ അതാ അവൻ,കയ്യിൽ പതിവുപോലെ മിഠായിപ്പൊതിയും കണ്ണുകളിൽ നീർത്തിളക്കവും. അവൻ എന്റെ അരികിൽ വന്ന് ഒരു മിഠായി എന്റെ നേർക്ക് നീട്ടി. നിറഞ്ഞ കണ്ണുകളിലേക്ക് നോക്കി അന്തം വിട്ട എന്റെ കൈകളിലേക്ക് മിഠായി വെച്ച് തന്നിട്ട് അവൻ അവന്റെ ഇരിപ്പിടത്തിലേക്ക് നടന്നു.

ഞാൻ അവനരികിലേക്ക് എത്തി. പതുക്കെ തോളിൽ തട്ടി. 'ആരായിരുന്നടാ അത് നിന്നെ കെട്ടിപ്പിടിച്ച സ്ത്രീ' അവൻ എന്നെ നോക്കി സങ്കടത്തോടെ പറഞ്ഞു 'അത് എന്റെ അമ്മയാ' "അതെന്താ അമ്മ ഇവിടെ വന്ന് നിന്നെ കാണുന്നത്". അവൻ ഒരുനിമിഷം ദൂരേക്ക് നിർവികാരമായി നോക്കിയിരുന്നു. എന്നിട്ട് നിർവികാരമായി പറഞ്ഞു "അവർ രണ്ടും രണ്ട് വഴിക്കാടാ. ഞാൻ അച്ഛനോടൊപ്പമാ താമസം. അതാ അമ്മ എന്നെ കാണാൻ വന്നത്." അവന്റെ വാക്കുകളിലെ വേദന എന്റെ മനസ്സിനെ തകർത്തു. ഞാൻ ദൈവത്തെ ഓർത്തു 'പടച്ചവനേ ഒരിക്കലും ഒരു മക്കളെയും ഇത്തരം അവസ്ഥയിൽ ആക്കരുതേ...അച്ഛനും അമ്മയും ഒരുപോലെ നോക്കി സ്നേഹിച്ച് വളർത്താൻ എല്ലാ മക്കളേയും അനുഗ്രഹിക്കണേ...'

ഞാൻ അവന്റെ നിറഞ്ഞ കണ്ണുകളിലേക്ക് വേദനയോടെ നോക്കി. അതിൽ നിറയെ വേർപ്പിരിയലിന്റെ നീർമുത്തുകൾ നിറഞ്ഞിരുന്നു.

**SALMAN.H**
**9 D**

# ഒരു "ന്യൂ ജനറേഷൻ"വീക്ഷണം

ലൈക് എത്ര ഉണ്ടെടാ? ഷെയർ ചെയ്യാൻ മറക്കല്ലേ... കമന്റ് പൊളിച്ചൂട്ടോ ..... ഇന്നാ പിടിച്ചോ ഒരു സെൽഫി.... ഇങ്ങനെ പോകുന്നു പുതുതലമുറയുടെ കമന്റുകൾ.ഫേസ്ബുക്കിന്റേയും വാട്സാപ്പിന്റെയും സ്കൈപ്പിന്റെയും ഹാങ്ങോവർ തീർന്നിട്ട് സ്വന്തം തലച്ചോറുപയോഗിക്കാൻ ഇവർക്കെവിടെയാണ് സമയം. ലോവെസ്ററ് ജീൻസും സ്പൈക്കും ചെയ്ത് ബൈക്കിൽ ചുറ്റുന്നതിൽ ആനന്ദം കണ്ടെത്തുന്ന ഇവർ മാറി മാറി വരുന്ന 'ട്രെന്റുകൾ' കയ്യിലൊതുക്കാൻ എന്തെല്ലാം തന്ത്രങ്ങൾ പയറ്റുന്നു.

പൗരബോധമുള്ള,ധാർമ്മിക മൂല്യങ്ങളെ മുറുക്കെപ്പിടിക്കുന്ന, മൂല്യച്യുതികൾക്കെതിരെ പോരാടുന്ന അർപ്പണബോധമുള്ള ദിശാബോധമുള്ള ഒരു തലമുറയെയാണ് ഇന്നാവശ്യം. ആധുനിക വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ഇതിന് പര്യാപ്തമാണെന്ന കാര്യത്തിൽ തെല്ലും സംശയമില്ല.

സാങ്കേതിക വിദ്യയുടെ കാലമാണിത്! മനുഷ്യ നന്മക്കും രാഷ്ട്രപുരോഗതിക്കും ഒതുങ്ങുന്ന രീതിയിൽ ശാസ്ത്രസാങ്കേതിക വിദ്യകൾ പ്രയോഗികതലത്തിൽ കൊണ്ടുവരികയും അമൂല്യമായ ചിന്തകൾ ജീവിതത്തിന്റെ അർത്ഥതലത്തിലെത്തുകയും ചെയ്യുമ്പോൾ മാത്രമേ വിപ്ലവാത്മകരമായ ഒരു മാറ്റം സമൂഹത്തിൽ ഉണ്ടാവുകയുള്ളൂ.

മാതാപിതാക്കളുടെ സാരോപദേശങ്ങളും ഗുരുജനങ്ങൾ നൽകുന്ന മൂല്യങ്ങളും സമൂഹം നൽകുന്ന പാഠങ്ങളും മുഖവിലക്കെടുക്കാൻ ഞങ്ങൾ "ന്യൂ ജനറേഷൻ ഗൈസ്"ആണെന്ന് അവകാശപ്പെടുന്ന യുവതലമുറ തയ്യാറാകണം. ദിശാബോധം വളർത്തിയെടുക്കാനും ലക്ഷ്യബോധം നിങ്ങളിലുണ്ടാവാനും ഇന്നെന്തെല്ലാം സംവിധാനങ്ങളാണ് വിദ്യാലയങ്ങളിലൂടെയും മറ്റും പ്രദാനം ചെയ്യുന്നത്.

ധാർമ്മികമായ ച്യുതികളെ കാറ്റിൽ പറത്തി, ധർമനിഷ്ഠ

പുലർത്താനും സമൂഹത്തിൽ ഉന്നതസ്ഥാനം കൈവരിക്കാനും ചില വിണ്ടുവിചാരങ്ങൾ കൂടിയേ തീരൂ... പണമുണ്ടാക്കാൻ എളുപ്പമാർഗങ്ങൾ കണ്ടെത്തി കൗമാരത്തിൽ തന്നെ ക്രിമിനൽ എന്ന പേരിൽ പിടിക്കപ്പെടുന്ന എത്രയോ പേർ? മാതാപിതാക്കളുടെ അധ്വാനത്തിന്റെ വില കുറച്ചു കാണുകയും അവർ നൽകുന്ന അത്യാവശ്യ ധനം "പോക്കറ്റ് മണിയ്ക്കില്ലന്നും" കരുതുകയും ചെയ്യുന്ന എത്രയോ പേർ?

സമൂഹം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പ്രാപ്തരായവരാണ് യഥാർത്ഥ "ന്യൂ ജനറേഷൻ" എന്ന് പറയാതെ വയ്യ. ഓർക്കുക... തങ്ങളുടെ കാലിന്റെ നഖം മുതൽ തല വരെ മാറി വരുന്ന പരിഷ്കാരങ്ങൾക്കനുസ്സരിച്ച് മോടിപിടിപ്പിക്കാൻ നടന്നാൽ ഇത്തരം വെല്ലുവിളിക്ക് നിങ്ങൾ കീഴടങ്ങേണ്ടിവരും.

ലോകത്തിന്റെ നാനാകോണിലെയും പ്രശ്നങ്ങൾ കണ്ട് ഇന്റെർനെറ്റിന് മുന്നിൽ ആസ്വദിച്ച് ചിരിക്കുന്നവർ, തനിക്കുമുന്നിലെ നിസ്സാര പ്രശ്നങ്ങൾക്ക് മുന്നിൽ അടിപതറാതെ നോക്കണം. ആശയക്കുഴപ്പങ്ങൾ മാറിനിൽക്കണം. പ്രബുദ്ധതയോടെ പ്രശ്നങ്ങളെ നേരിടാൻ കഴിയണം.


മാധ്യമ സ്വാധീനങ്ങൾ മൂല്യങ്ങൾ വളർത്തിയെടുക്കാൻ പ്രയോജനകരമായിരിക്കണം.. വിശാലമായ ഒരു ലോകം നിങ്ങൾക്ക് മുന്നിലുണ്ട്... അറിവിന്റെ വാഗ്ദാനങ്ങൾ നിങ്ങളുടെ മുന്നിൽ തുറന്ന് കിടക്കുകയാണെന്നോർക്കണം. ജാതിമത സ്പർദ്ധകളിൽ നിന്ന് മാറിനിൽക്കാൻ കഴിയണം. ജനാധിപത്യ മതേതരത്വ മൂല്യങ്ങളെ മുറുകെ പിടിക്കാനുള്ള പക്വത നിങ്ങളിലുണ്ടായിരിക്കണം. നീതിബോധവും കാര്യപ്രാപ്തിയും നന്മ നിറഞ്ഞ ഒരു മനസ്സും നിങ്ങളെ ഭരിക്കട്ടെ! അങ്ങനെയാവട്ടെ നിങ്ങളുടെ ചിന്തയും പ്രവർത്തിയും. അതാവട്ടെ യഥാർത്ഥ "ന്യൂ ജനറേഷൻ" കാഴ്ചപ്പാട്.

**MURSHID . M**

**9C**

# മണ്ണാങ്കട്ടയും കരീലയും

മരം ,
ഇന്നലെ ഞാൻ എന്റെ വേരുകളിൽ
ഉറച്ചു നിന്നു
ഇന്നവർ എന്നെ മുറിച്ചുമാറ്റി .




മല ,
ഇന്നലെ ഞാൻ മതിൽപോലെ
ദൃഢമായിരുന്നു
ഇന്നവർ എന്നെ തുരന്നു
തരിപ്പണമാക്കി .

പുഴ ,
ഇന്നലെ ഞാൻ ഒരുകി നടന്നു വെള്ളം നൽകി
ഇന്നവർ എന്നെ പിടിച്ചുകെട്ടി .

പാടം,
ഇന്നലെ ഞാൻ പച്ചവിരിയിച്ചും
പൊന്നണിയിച്ചും
അന്നം നൽകി
ഇന്നവർ എന്റെ വായിൽ മണ്ണിട്ടുമൂടി.

മഴ ,
ഇന്നലെ വരെ കൂട്ടുകാർ
എനിക്കുവിരുന്നൊരുക്കി ....
എന്നവരെത്തേടിഞ്ഞാൻ
ആർത്തിരമ്പുന്ന .
മണ്ണാകട്ടയും കരിലയും
കഥാമാത്രമായിരുന്ന ....

**ഷിജിന 9C**

# കാറ്റും സൂര്യനും

പടിഞ്ഞാറൻ കാറ്റും ഉദയസൂര്യനും ഒരിക്കൽ തർക്കമായി . കാറ്റ് പറഞ്ഞു ,തനിക്കാണ് സൂര്യനെക്കാൾ ശക്തി .ശക്തിയായി കാറ്റ്അടിക്കാമെന്നും . പക്ഷെ ,സൂര്യൻ സമ്മതിച്ചില്ല .അപ്പോൾ കാറ്റു പറഞ്ഞു : "വലിയ മരങ്ങളെ കടപുഴകി വീഴ്ത്താൻ എനിക്കു സാധിക്കും .കടലിലെ വെള്ളത്തെ അടിച്ചുയർത്തി മലപോലെയുള്ള തിരമാലകളുണ്ടാക്കാനും എനിക്ക് സാധിക്കും "സൂര്യൻ പറഞ്ഞു :"ധാന്യങ്ങൾ വിളയിക്കുന്നത് ഞാനാണ് .ഞാൻ പ്രകാശിക്കുമ്പോൾ ജനങ്ങൾ സന്തോഷിക്കുന്നു ."കാറ്റ് പറഞ്ഞു :"അതൊന്നുംശക്തിയുടെ ലക്ഷണമല്ല . "അപ്പോൾ ഒരു യാത്രക്കാരൻ ആ വഴിവന്നു .സൂര്യൻ ചോദിച്ചു :"ആ പോകുന്ന മനുഷ്യന്റെ ഓവർ കോട്ട് ഊരാൻ താങ്കൾക്ക് കഴിയുമോ ?എങ്കിൽ ഞാൻ സമ്മതിക്കാം ,താങ്കൾക്കാണ് കൂടുതൽ ശക്തിയെന്ന് "കാറ്റ് ആ വെല്ലുവിളി സ്വീകരിച്ചു .ഉടനെ അവനെ ശക്തിയായി ഊതി .യാത്രക്കാരന്റെ ഓവർക്കോട്ട് പറന്നു വീണ്ടും കാറ്റു ഊതി .കോട്ട് യാത്രക്കാരന്റെ തലയ്ക്കുമീതെ ഉയർന്നു പറക്കാൻ തുടങ്ങി .അപ്പോൾ അയാൾ ഓവർക്കോട്ട് ദേഹത്തോട് ചേർത്തുപിടിച്ച് യാത്ര തുടരുന്നു . പിന്നീട് കാറ്റ് ഓടിച്ചെന്ന് കടലിൽനിന്ന് നീരാവി പിടിച്ചെടുത്തു മഴ പെയ്തിച്ചു . അപ്പോൾ യാത്രക്കാരൻ ഒരു വീട്ടിൽ കയറിനിന്നു .എന്നിട്ടും തന്റെ കൊട്ട് ഊരിയില്ല .കാറ്റ് തോൽവി സമ്മതിച്ചു . ഇനി സൂര്യന്റെ ഊഴമാണ്.സൂര്യൻ പതുക്കെ പ്രകാശിച്ചു .യാത്രകാരൻ ആശ്വസിച്ചു .മഴ മാറിയല്ലോ എന്ന് സന്തോഷിച്ച് അയാൾ യാത്ര തുടർന്നു . അപ്പോൾ സൂര്യൻ കൂടുതൽ ജ്വലിച്ചു . അന്തരീക്ഷത്തിൽ ചൂട് വർധിച്ചു . യാത്രകാരൻ ഒരു മരത്തണലിൽ ഇരുന്നു . അയാൾ കോട്ട് ഊരിയില്ല . പിന്നെയും സൂര്യൻ ജ്വലിച്ചു .അപ്പോൾ ഉഷ്ണം സഹിക്കാൻ കഴിയാതെ യാത്രകാരൻ തന്റെ ഓവർകോട്ട് ഊരി വീശാൻ തുടങ്ങി .മത്സരത്തിൽ സൂര്യൻ ജയിച്ചു .ആ നാണക്കേടുകൊണ്ട് കാറ്റ് തലതാഴ്ത്തി തോൽവി സമ്മതിച്ചു .



SARATH. S. PILLAI

9.D



# എന്റെ വിദ്യാലയം

പഞ്ഞികെട്ടുകൾ പോലെ മേഘങ്ങൾക്കപ്പുറം ആകാശത്തിലെ അനന്തതയിലെവിടെയോ സ്വർഗം എന്ന സങ്കൽപ്പം മറഞ്ഞിരുന്നു .അതാണെന്റെ വിദ്യാലയം. സൗഹൃദം എന്ന വാക്കിന്റെ മൂല്യമറിഞ്ഞത് എന്റെ വിദ്യാലയത്തിലൂടെയാണ് .

പേനകൊണ്ട് കടലാസിലെഴുതുന്ന കവിതയാണ് സൗഹൃദം . കുളിർമയേകുന്ന സ്നേഹത്തിന്റെയും സന്തോഷം നൽകുന്ന സുഹൃത്ബന്ധത്തിന്റെയും ആർദ്രമായ ജീവിതമാണ് വിദ്യാലയ ജീവിതം. സ്വതന്ത്രമാക്കപ്പെട്ട പക്ഷികളെപോലെ കാഴ്ചയുടെ നിറങ്ങളും അനുഭവങ്ങളും നമ്മുടെ മനസിനെ കൂടുതൽ ആർദ്രമാക്കുന്നു. മറക്കാൻ പറ്റാത്തതും മരിക്കാത്തതുമായ വിദ്യാലയ ജീവിതം, വിദ്യാലയത്തിന്റെ ഓർമ്മകൾ മനസ്സിൽ സൂക്ഷിക്കുന്ന ഏതൊരാൾക്കും സൗഹൃദത്തെപ്പറ്റി എന്തെങ്കിലുമൊക്കെ പറയാതിരിക്കാൻ കഴിയില്ല. സൗഹൃദം ............ ആ വാക്കുകളിൽ തീരുന്നില്ല .അത് നമ്മുടെ ഭാവനക്കപ്പുറത്താണ് .സൗഹൃദം മനസ്സിൽ സൂക്ഷിക്കുന്ന ഒരാൾക്കു മാത്രമേ അതിന്റെ സൗന്ദര്യമാർന്ന ഓർമകളും സുന്ദരമായ നിമിഷങ്ങളും കടലാസിലേക്ക് പകർത്താൻ സാധിക്കു ..

തമാശകൾ പറഞ്ഞു പൊട്ടിച്ചിരിക്കുമ്പോഴും അഹങ്കാരം പങ്കുവെച്ചു കഴിയുമ്പോഴും, നമുക്കു കിട്ടേണ്ട ശിക്ഷകളിൽ നിന്നും നമ്മെ രക്ഷിക്കുമ്പോഴും നമ്മുടെ മനസ്സ് അറിയാതെ മന്ത്രിച്ചുപോകുന്നു .

ഓർമകളുടെ ഒരു വസന്തകാലം കൂടി വരവായി,ഓർമ്മച്ചെപ്പുകൾ തകർത്തത് കൊണ്ട് പിണക്കങ്ങളും ഇണക്കങ്ങളും ,സന്തോഷങ്ങളും പരിഭവങ്ങളുമായി ...............

"എന്റെ വിദ്യാലയം " **റിയാസ് 9 D**

# എന്റെ കേരളം



മുകിൽമാല ചാർത്തിയ
സഹ്യാദ്രിയും
തിരമാല തിരതല്ലും പൊൻതീരവും
ഹരിതാഭ ചാർത്തുന്ന സമതലവും
ഭംഗിയൊത്തൊരുമിക്കുമെൻ
കേരളം

പച്ചപ്പ്കമ്പളം ചാർത്തുന്ന കുന്നുകൾ
നെല്ലുകൾ തലയുയർത്തുന്ന വയലേലകൾ
കളകളം പായുന്ന ചെറുപുഴകളും
കൂക്കുരവം പൊഴിക്കും കുയിൽക്കൂട്ടവും
എത്രയോ സുന്ദരിയാണിന്ന് കേരളം

ചന്ദ്രിക പൊഴിക്കുന്ന പൊൻതിങ്കളും
ചന്ദമെഴും നൽതാരങ്ങളും
പൊന്നായ തിളങ്ങുന്ന ആദിത്യനും
സുന്ദരിയാണിന്നെന്റെ കേരളം

പൂജ ജി കുമാർ
8A

ഗുണപാഠകഥ

## കള്ളനും കാവൽനായയും

അർധരാത്രി കഴിഞ്ഞ സമയത്ത് ഒരു കള്ളൻ ഒരു ധനികന്റെ വീടിനുള്ളിലേക്ക് മതിലിന് അപ്പുറംനിന്ന് എത്തിനോക്കി . ആരുമില്ല .വീട്ടിലെ ലൈറ്റുകൾ കെട്ടിട്ടുണ്ട് .നല്ല തക്കംതന്നെ .അവൻ അകത്തേക്ക് എടുത്തുചാടി. ശബ്ദംകേട്ട് നായ ഉണർന്നു .അവൻ കുരക്കാൻ തുടങ്ങി ."ഭൗ...ഭൗ... "കാവൽനായ തന്റെ ശൗര്യം പ്രകടമാക്കി .കള്ളൻ പതുങ്ങിപ്പതുങ്ങി നായയുടെ അടുത്തേക്ക് നീങ്ങി .നായയാകട്ടെ തന്റെ കുരയുടെ ശക്തി കൂട്ടി .കള്ളൻ മൃദുലവും മധുരവുമായ സ്വരത്തിൽ നായയോട് പറഞ്ഞു ;"ഞാൻ നിന്റെ യജമാനന്റെ സുഹൃത്തുക്കളിലൊന്നാണ് ."ഇത് കേട്ടിട്ടും നായ കുര നിർത്തിയില്ല .അവൻ കുരച്ച് വീട്ടുകാരെ ഉണർത്താൻ യത്നിച്ചുകൊണ്ടിരുന്നു .നായയുടെ കുര നിർത്തണം .എന്നാലേ തന്റെ പദ്ധതി നടപ്പാകൂ .കള്ളൻ കൈയിലെ സഞ്ചിതുറന്നു കുറെ ബിസ്ക്കറ്റെടുത്തു നായയുടെ മുന്നിലേക്കിട്ടു .നായ ആ ബിസ്കറ്റ് മണത്തുനോക്കുകപോലും ചെയ്തില്ല . കള്ളനോട് നായ പറഞ്ഞു ; 'നിന്റെ ഔദാര്യമൊന്നും എനിക്കാവശ്യമില്ല .നീ എന്റെ യജമാന്റെ സുഹൃത്താണെന്നു പറയുന്നത് കേട്ടാപോരാ.... എനിക്ക് മനസ്സിലായി നീ ഒരു കള്ളനാണെന്ന്. നീ എനിക്ക് ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നതിൽനിന്ന് അത് കൂടുതൽ വ്യക്തമായി ."ഭൗ...ഭൗ..."നായ നിർത്താതെ കുരക്കാൻ തുടങ്ങി .വീട്ടുകാർ ഉണർന്നുവന്ന് തന്നെ പിടികൂടുന്നതിനുമുമ്പേ രക്ഷപ്പെടണമെന്ന് കള്ളനുതോന്നി . കള്ളൻ വന്നവഴിയെ മടങ്ങി മതിലിനു പുറത്തേക്കുചാടി ഓടിപ്പോയി .

*by*

***FAVAZ NOUSHAD***
***BOVAS BIJU***
***9 D***

# पीछे की पुकार

मैं  यहाँ हुँ...

इस सागर के तट पर

मुझे बुलाती है लहरें

आओ..आओ हमारे साथ

ललचता है मेरा मन भी

इस अगाध नीलिमा में

लीन होने केलिए लेकिन

पुकारता है किसीने पीछे से

यहाँ भी कुछ काम है पूरा करने को

जा न सका किसीको यहाँ से

अधूरा करके अपना काम ।

उषाकुमारी.एम

अध्यापिका



little kites



J R C




Scout



S P C

# പച്ചവിദ്യാലയം



## ജൈവവൈവിധ്യ പാർക്ക്

### പച്ചവിദ്യാലയം

നാം ജീവിക്കുന്ന ചുറ്റുപാടിലെ ജീവ ജാലങ്ങളെ സംരക്ഷിച്ചുകൊണ്ടാണ് ജൈവവൈവിധ്യ സംരക്ഷണം ആരംഭിക്കേണ്ടത്.അതിനു പറ്റിയ ഒരു വഴിയാണ് ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ.

ഇതിലൂടെ സ്ക്കൂളിലും പരിസരത്തും ജീവിക്കുന്ന ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കാനാകും. ജലവുംമണ്ണും മലിനമാകാതെ നോക്കുകയാണ് ഇതിന് ആദ്യമായി ചെയ്യേണ്ടത് .

- **പച്ചക്കറിത്തോട്ടം**

**വളരെ എളുപ്പത്തിൽ ചെയ്യാവുന്ന ഒരു കാര്യമാണിത്. സ്ക്കൂൾ മുറ്റത്തൊരു പച്ചക്കറിത്തോട്ടം ഒരുക്കുക. പറ്റിയ സ്ഥലം കണ്ടെത്തിയതിനു ശേഷം പലതരം പച്ചക്കറി വിത്തുകൾ നടാം. നാടൻ കർഷകരിൽ നിന്നോ ഗവൺമെന്റ് ഏജന്റുമാരിൽ നിന്നോ വിത്ത് ശേഖരിക്കാം. ഓരോ കാലാവസ്ഥക്കും ചേരുന്ന വിളകൾ വേണം വളർത്താൻ രാസവളങ്ങൾക്ക് പകരം പച്ചിലവളം,കമ്പോസ്റ്റ്,ചാരം എന്നിവയൊക്കെ വളമായി നൽകാം.**

**മറ്റ് മാതൃകകൾ**

- **ഔഷധച്ചെടികൾക്കൊരു തോട്ടം**
- **ശലഭോദ്യാനം,കിളികൾക്കും തേനീച്ചകൾക്കും ഉദ്യാനം**
- **ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക**
- **ജൈവവേലി**
- **പുൽത്തകിടി**
- **നാട്ടുമാന്തോപ്പ്**

**ആദിത്യ.എസ്.ആജീഷ്**

**9D**

# പിൻകുറിപ്പ്......

ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമ സംരംഭമായ e-മാഗസിൻ "കുട്ടി.com "ന്റെ കൈത്താങ്ങാകാൻ ഞങ്ങൾക്ക് കഴിഞ്ഞതിൽ ഞങ്ങൾ കൃതാർത്ഥരാണ് . അതിനായി ഞങ്ങളെ പ്രേരിപ്പിച്ചവർ, വഴിതെളിയിച്ചവർ ഒരുപാടുണ്ട് , പരിചയത്തിന്റെ പരിജ്ഞാനം തുലോം കുറവ് .സന്മനസ്സോടെ സദയം ക്ഷമിക്കുമല്ലോ? ഈ ഉദ്യമത്തിൽ ഞങ്ങളോടൊപ്പം നിഴൽ പോലെ അനുഗമിച്ച അനിത ടീച്ചറിനും , ഷെമീറ ടീച്ചറിനും , സഹായ സഹകരണങ്ങൾ തന്നവർക്കും അണിയറ ശില്പികൾക്കും ഹൃദ്യമായ നന്ദി...നന്ദി...നന്ദി...



ചീഫ് എഡിറ്റർ
മുർഷിദ്

# എഡിറ്റേഴ്സ്



## ചീഫ്എഡിറ്റർ : മുർഷിദ്
## സബ്എഡിറ്റേഴ്സ്: സൽമാൻ,റിയാസ്



**G H S S PORUVAZHY**

**SOORANAD P.O.**

**KOLLAM**

3904 6ktra@gmail.com